# 37. മീനാക്ഷിപുരം ഉത്തരപ്രദേശിലും

തമിഴ്നാട്ടിലെ മീനാക്ഷിപുരം എന്ന ഗ്രാമത്തിൽ ഏതാനും ഹരിജനങ്ങൾ കൂട്ടത്തോടെ ഇസ്ലാമിൽ ചേർന്നത് 1981–ൽ ഇന്ത്യയിലൊട്ടാകെ വ്യാപകമായ പ്രക്ഷോഭത്തിനു കാരണമായി. 1981 സെപ്തംബറിൽ പാർലമെന്റ് ഈ പ്രശ്നം ചർച്ചചെയ്തു. അറബിനാടുകളിൽനിന്നുള്ള പണത്തിന്റെ പ്രലോഭനമാണ് ഈ മതപരിവർത്തനത്തിന്റെ പിന്നിലെന്ന് ഒരു കൂട്ടർ വാദിച്ചപ്പോൾ, സാമൂഹ്യനീതി നിഷേധിക്കുന്ന ക്രൂരമായ ഹിന്ദു–ജാതിവ്യവസ്ഥയുടെമേൽ മറ്റൊരു കൂട്ടർ പഴിചാരി. സർക്കാരിന്റെ സമയോചിതമായ ഇടപെടൽമൂലം തല്ക്കാലം നാട്ടിൽ വലിയ തോതിൽ സമാധാനലംഘനം ഉണ്ടായില്ല.

ഉത്തരപ്രദേശിൽ, നേപ്പാളിനോടു ചേർന്നുകിടക്കുന്ന 'ബഹ്റൈച്' എന്ന ജില്ലയിലെ 'നട്' എന്ന ഹരിജൻ വർഗക്കാർ കൂട്ടമായി ഇസ്ലാമിലേക്കു പരിവർത്തനംചെയ്തതിനെപ്പറ്റി 1985 മാർച്ച് മാസത്തിൽ ഉത്തരപ്രദേശ് നിയമസഭ (വിധാനസഭ)യിൽ ദീർഘമായ ഒരു വാദപ്രതിവാദം നടന്നു. ജനതാപ്പാർട്ടിയിലെ ഒരു അംഗമായ ശ്രീ ഗൗരീശങ്കറാണ് ഈ പ്രശ്നം സഭയിൽ ഉന്നയിച്ചത്. അറബിപ്പണത്തിന്റെ പ്രലോഭനം നിമിത്തമാണ് 'നട്' ജാതിക്കാർ മതം മാറിയതെന്നും, ഈ കൂട്ടപരിവർത്തനംമൂലം വ്യത്യസ്ത മതവിഭാഗങ്ങൾക്കിടയിൽ വളർന്നുവന്നിട്ടുള്ള സ്പർധ മതകലാപമായി പൊട്ടിപ്പുറപ്പെട്ടേക്കാമെന്നും ശ്രീ ഗൗരീശങ്കർ പ്രസ്താവിച്ചു. ലോക്ദൾ പാർട്ടിയിലെ അംഗമായ ശ്രീ ശതരുദ്രപ്രസാദ് ചെയ്തത് അത്ഭുതാവഹമായ ഒരു പ്രസ്താവനയായിരുന്നു: പോലീസുകാരുടെ സമ്മർദംമൂലമാണ് ഈ മതപരിവർത്തനം നടന്നതെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രഖ്യാപനം! സ്വാഭാവികമായും ഈ പ്രസ്താവനകൾ ഉത്തരപ്രദേശ് നിയമസഭയിൽ കോളിളക്കം സൃഷ്ടിച്ചു.

'നട്' വർഗ്ഗക്കാരുടെ മൂലസ്ഥാനം രാജസ്ഥാൻ ആണ്. പെരെടുത്ത കായികാഭ്യാസികളും കരിങ്കൽപ്പണിക്കാരും ഇരുമ്പുപണിക്കാരുമായിരുന്ന ഇവർ സ്ഥിരമായി ഒരിടത്തും പാർക്കാതെ അലഞ്ഞുതിരിയുന്നവരുമായിരുന്നു. ഇവരിൽ ചിലർ വളരെമുമ്പ് ഉത്തരപ്രദേശിലെ ബഹ്റൈച്ചിലും പരിസരങ്ങളിലും തൊട്ടയൽപക്കമായ നേപ്പാളിലും സ്ഥിരമായി പാർപ്പുറപ്പിച്ചു. അതോടെ സ്വന്തം കുലത്തൊഴിലുകൾ അവർ മറന്നു; ഭിക്ഷയെടുപ്പ് അവരുടെ തൊഴിലായി (കേരളത്തിലെ നായാടികളുടെ കാര്യത്തിലും സംഭവിച്ചത് ഇതാണല്ലോ ) ഹിന്ദുആചാരങ്ങൾ വിടാതെതന്നെ, ചുറ്റുപാടുമുള്ള മുസ്ലീങ്ങളുടെ 'മുഹറം' മുതലായ ചില വിശേഷദിവസങ്ങൾ ഇവർ ആഘോഷിക്കാൻ തുടങ്ങി. എങ്കിലും അധഃകൃതരായിരുന്നതിനാൽ 'നട്ടു'കളുടെ കാര്യത്തിൽ ഹിന്ദുക്കൾക്കോ മുസ്ലീങ്ങൾക്കോ ഒരു താത്പര്യവുമുണ്ടായിരുന്നില്ല ഹിന്ദുക്കളോ മുസ് ളീങ്ങളോ തങ്ങളുടെ ഗ്രാമങ്ങളിൽ പാർക്കാൻ നട്ടുകളെ അനുവദിച്ചതുമില്ല. ചില നട്ടുകൾ കർഷകത്തൊഴിലാളികളായി; ചിലർ എരുമകളെയും ആടുകളെയും വളർത്താൻ തുടങ്ങി. മുതിർന്ന നട്ടുകൾക്കിടയിൽ ഒരാളും എഴുത്തു പഠിച്ചിട്ടില്ല ദാരിദ്ര്യനിവാരണത്തിനുള്ള സർക്കാരിന്റെ ഒരു പദ്ധതിയും അവരെ സ്പർശിച്ചതുമില്ല. പട്ടികജാതിക്കാർ എന്ന നിലയിൽ, വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഉദ്യോഗങ്ങളിലും സംവരണമുണ്ടെങ്കിലും, ഇന്നോളം ഒരു 'നട്ടും' അതിന്റെ ഗുണം അനുഭവിച്ചിട്ടില്ല.

ഏതാണ്ട് നാല്പതു വർഷം മുമ്പ് ചില നട്ടുകൾ ഇസ്‌ലാം സ്വീകരിച്ചു. ഇവരുടെ ചില ഗ്രാമങ്ങളിൽ ഇപ്പോൾ മുസ്‌ലീങ്ങളായ നട്ടുകൾ മാത്രമേ ഉള്ളു. പിന്നീട്, കുറേശ്ശെക്കുറേശ്ശെയായി, ഉത്തരപ്രദേശിലും നേപ്പാളിലുമുള്ള നട്ടുകൾക്കിടയിൽ മതപരിവർത്തനം വ്യാപിക്കാൻ തുടങ്ങി. നാലു വർഷംമുമ്പ്, 1981–ൽ ഒരു കൂട്ടപരിവർത്തനം നടന്നതിൽ, ബഹ്റൈച് ടൗണിന്റെ പടിഞ്ഞാറും തെക്കുമുള്ള അഞ്ചു ഗ്രാമങ്ങളിലെ ഇരുനൂറ് നട്ടുകൾ മുസ്‌ളീങ്ങളായി, ഇതോടെ നട്ട് ജാതിക്കാരിൽ ഭൂരിപക്ഷം—അറുപതുശതമാനം—മുസ്‌ളീങ്ങളായിത്തീർന്നു; ഹിന്ദുക്കൾ നാല്പതു ശതമാനമായി കുറഞ്ഞു. ബഹ്റൈച് ജില്ലയിൽ മാത്രം രണ്ടായിരത്തഞ്ഞൂറോളം നട്ടുകളാണു പാർക്കുന്നത്.

ബഹ്റൈച് ടൗണിനു വടക്കുള്ള പന്ത്രണ്ടു ഗ്രാമങ്ങളിലെ നട്ടുകൾ 1985 ഫെബ്രുവരി 16–ാം തീയതിയോ 17–ാം തീയതിയോ 'ചനേനി' എന്ന ഗ്രാമത്തിൽവെച്ചു കൂട്ടത്തോടെ ഇസ്‌ലാമിൽച്ചേർന്നതാണ് ഉത്തരപ്രദേശ് നിയമസഭയിൽ നടന്ന വാദപ്രതിവാദത്തിനു കാരണമായത്.

ഏറിയ കാലമായി നടന്നുവരുന്ന ഒരു സ്വാഭാവികപ്രക്രിയ മാത്രമാണ് നട്ടുകളുടെ മതംമാററമെന്ന് ബഹ്റൈച് ജില്ലയിലെ പോലീസ് മേധാവി. മി മാലിക് പറയുന്നു. അതേസമയം, പോലീസ്സിന്റെ നിർബന്ധംകൊണ്ടുകൂടിയാണ് ഈ പരിവർത്തനങ്ങൾ നടക്കുന്നതെന്നു കരുതുന്നവർ കുറവല്ല. ഇന്ത്യയിലാകെ ഹിന്ദുസമുദായത്തെ ഒരു ന്യൂനപക്ഷമാക്കി മാററുന്നതിന് ആഴത്തിൽ വേരോടിയ ഒരു ഗൂഢാലോചനയുണ്ടെന്നും, അതിന്റെ ഫലമാണ് ഈ മതംമാററങ്ങളെന്നും ബഹ്റൈചിലെ ബി. ജെ. പി. നേതാക്കൾ കരുതുന്നു.

കേന്ദ്രത്തിൽ വ്യവസായത്തിനുള്ള സ്റ്റേററ് മിനിസ്റ്റർ ആയ ശ്രീ അരിഫ് മുഹമ്മദ്ഖാന്റെ പേരു് ഈ പരിവർത്തനവുമായി ബന്ധപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഒരു പ്രാദേശിക ബി. ജെ. പി. നേതാവായ ശ്രീ രാജേന്ദ്രഗുപ്ത ഉത്തരപ്രദേശ് നിയമസഭയിൽ ചെയ്ത ഉത്തരവാദിത്തശൂന്യമായ പ്രസ്താവനയിൽ പ്രതിഷേധിച്ച് ശ്രീ അരിഫ് മുഹമ്മദ് ഖാൻ ബി. ജെ. പി. പ്രസിഡണ്ട് ശ്രീ വാജ്പേയിക്ക് എഴുതിയിരിക്കുന്നു. ശ്രീ അരിഫ് മുഹമ്മദ്ഖാന് എതിരായ ആരോപണം ഇങ്ങനെയാണ്: ഇക്കഴിഞ്ഞ ഡിസംബറിൽ പാർലമെന്റിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ ജയിച്ചശേഷം, തന്റെ വിശ്വസ്തസേവകനായ ഒ. പി. ത്രിവേദിയുടെ പേരിൽ ബഹ്റൈചിലെ ശ്രാവസ്തി ഗ്രാമീണബാങ്കിൽ ശ്രീ അരിഫ് മുഹമ്മദ്ഖാൻ ഒരു ലക്ഷം രൂപ നിക്ഷേപിച്ചു. ഫെബ്രുവരി 16–ലെ കൂട്ടമതപരിവർത്തനത്തിനു തൊട്ടുമുമ്പ് ഇതിൽ തൊണ്ണൂറെറണ്ണായിരം രൂപ ഒ. പി. ത്രിവേദി പിൻവലിച്ചു ശ്രീ അരിഫ് മുഹമ്മദ്ഖാന്റെ ഒരു സുഹൃത്തായ മി. ഗയാസുദ്ദീനു് ഈ തുക നൽകപ്പെട്ടു. ഈ പണമാണ് ഫെബ്രുവരി 16–ലെ കൂട്ടപ്പരിവർത്തനം സാധ്യമാക്കിയതു്.

മതപരിവർത്തനം പ്രക്ഷോഭത്തിനു കാരണമായപ്പോൾ, ശ്രീ അരിഫ് മുഹമ്മദ്ഖാന്റെ അസിസ്റ്റൻറ് പേഴ്സണൽ സെക്രട്ടറി ബഹ്റൈച് സന്ദർശിച്ചു പ്രക്ഷോഭം ഉണ്ടാക്കിയ ചില പത്രപ്രവർത്തകർ ദൽഹിയിലേക്കു വിളിക്കപ്പെട്ടു അവർ അവിടെ ശ്രീ അരിഫ് മുഹമ്മദ് ഖാനുമായി സംഭാഷണങ്ങൾ നടത്തുകയുംചെയ്തു.

കോടിക്കണക്കിനു് രൂപ ആസ്തിയും, അറബ്പ്രദേശങ്ങളുമായി സാമ്പത്തികബന്ധങ്ങളുമുള്ള ബഹ്റൈചിലെ നൂറുൽ ഉലൂം എന്ന ഇസ്‌ലാമിക് റസിഡൻഷ്യൽസ്കൂൾ, മില്ലി ഇംദാദി എന്ന ഇസ്‌ലാമിക് ബാങ്ക്, സുന്നിവഖഫ് ബോർഡ് എന്ന മൂന്നു സംഘടനകൾ

ക്കാണ് ഈ കൂട്ടപരിവർത്തനങ്ങളുടെ ഉത്തരവാദിത്തമെന്നു വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകനായ ശ്രീ മഹേശ നാരായൺസിങ് പ്രസ്താവിച്ചിട്ടുണ്ട്. നൂറുൽ ഉലൂമിന്റെ മാനേജരും ഇന്ദിരാകോൺഗ്രസ് നേതാവുമായ മൗലാനാ കലിമുള്ള നൂരിയുടെ അഭിപ്രായത്തിൽ, ഈ പ്രക്ഷോഭമെല്ലാം കേന്ദ്രമന്ത്രി ശ്രീ അരിഫ് മുഹമ്മദ്ഖാന്റെ സൽപ്പേരിൽ കരിതേക്കാനുള്ള ശ്രമംമാത്രമാണ്.

ഹരിജനങ്ങൾ ഹിന്ദുമതം ഉപേക്ഷിച്ചു മററു മതങ്ങൾ സ്വീകരിക്കുകയെന്ന പ്രക്രിയ ഇന്ത്യയിൽ ശതാബ്ദങ്ങളായി നടന്നുവരുന്നതാണ്. ഉയർന്ന ജാതികളിൽപ്പെട്ട ഹിന്ദുക്കൾ ഈ പരിവർത്തനത്തെ ചിലപ്പോൾ പ്രോത്സാഹിപ്പിക്കുകയും മിക്കപ്പോഴും അവഗണിക്കുകയുമാണു ചെയ്തിട്ടുള്ളത്.

ഈ സ്ഥിതിയിൽ ഇപ്പോൾ ഒരു വ്യത്യാസം വരാൻ കാരണം ഇന്ത്യയിലെ ജനാധിപത്യരാഷ്ട്രീയം ആകുന്നു. 'ഒരാൾക്കു് ഒരു വോട്ട്' എന്നതു് ആണല്ലോ ജനാധിപത്യത്തിന്റെ അടിസ്ഥാനതത്ത്വം. ഇന്ത്യയിലെ പ്രത്യേക പരിതഃസ്ഥിതികളിൽ, ന്യൂനപക്ഷങ്ങളുടെ വോട്ടുകൾ ആശ്രയിച്ചു വേണം ഏതു കക്ഷിയും അധികാരത്തിലെത്താനെന്നു വന്നിരിക്കുന്നു. അധികാരലബ്ധിക്കുവേണ്ടി കോൺഗ്രസ്പാർട്ടി ന്യൂനപക്ഷവോട്ടുബാങ്കുകളെ വളരെയധികം ആശ്രയിക്കുന്നുണ്ടെന്ന ധാരണ പൊതുവേയുണ്ട്. ബാംഗ്ലാദേശിൽനിന്നുള്ള മുസ്ളീങ്ങളുടെ അനധികൃതമായ കുടിയേററത്തെ പ്രാദേശിക കോൺഗ്രസ് നേതാക്കൾ നിരന്തരം പ്രോത്സാഹിപ്പിച്ചുവരുന്നതിൻ ഫലമായി അസമിൽ അസംകാർ ന്യൂനപക്ഷമായി മാറിക്കൊണ്ടിരിക്കുകയാണെന്ന ഭീതിയാണ് അസമിലെ ഇന്നും പരിഹരിക്കാത്ത, പ്രക്ഷോഭത്തിന്റെ അടിയിൽ ഇന്ത്യയിൽ അവിടവിടെ ഈയിടെയായി കൂട്ടത്തോടെ നടക്കുന്ന മതപരിവർത്തനങ്ങൾക്കു കാരണം പ്രാദേശിക രാഷ്ട്രീയനേതാക്കളുടെ സ്വാർത്ഥതാത്പര്യങ്ങൾ ആണെന്ന വിശ്വാസത്തിൽ സത്യമില്ലാതില്ല.

മതപരവും പ്രാദേശികവുമായ മാത്സര്യങ്ങൾ ഇന്ത്യയിൽ കൊടുമ്പിരിക്കൊണ്ടിരിക്കുകയാണ്. കാടു് ഉണങ്ങി നിൽക്കുന്നു: ഒരു തീപ്പൊരിമതി അതാകെ ആളിക്കത്താൻ എന്നതാണ് ഇന്ത്യയിലെങ്ങുമുള്ള നില. ആപദ്നിബിഡമായ ഈ ഘട്ടത്തിൽ, അനാവശ്യങ്ങളായ സാമൂഹ്യ—പിരിമുറുക്കങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പരിശ്രമങ്ങളെ നിരുത്സാഹപ്പെടുത്തുന്നതു് ആവശ്യമാണ്. ജനങ്ങൾ ബോധപൂർവം ഇത്തരം സംരംഭങ്ങളിൽനിന്നു വിട്ടുനില്ക്കുന്നില്ലെങ്കിൽ, നിയമം ഉപയോഗിച്ച് ഇമ്മാതിരി ദുരുപദിഷ്ടസംരംഭങ്ങളെ തടയേണ്ടിയിരിക്കുന്നു.

സത്യാന്വേഷകരായ വ്യക്തികൾ ക്രിസ്തുവിലോ ബൈബിളിലോ ഉള്ള വിശ്വാസംകൊണ്ടു് ക്രിസ്തുമതമോ, പ്രവാചകനിലോ, ഖുർ—ആനിലോ ഉള്ള വിശ്വാസംകൊണ്ടു് ഇസ്ലാമോ സ്വീകരിക്കുന്നതിനു വിവേകമുള്ള ആരും ഇന്ത്യയിൽ എതിരല്ല. ഏതെങ്കിലും മതാചാര്യനിലോ മതഗ്രന്ഥത്തിലോ വിശ്വസിക്കുന്ന വ്യക്തികൾക്കു് ആ മതം വിശ്വാസപ്രമാണമായി അംഗീകരിക്കാൻ സ്വാതന്ത്ര്യം തീർച്ചയായും ഉണ്ടായിരിക്കണം.

അതേസമയം, രാഷ്ട്രീയങ്ങളായ ദുരുദ്ദേശ്യങ്ങൾ ഉള്ളിൽവെച്ച്, പ്രലോഭനങ്ങൾ നൽകി, നിരക്ഷരരായ ജനങ്ങളെ കൂട്ടത്തോടെ പ്രകടനപരമായി, പ്രകോപനപരമായി, മതപരിവർത്തനംചെയ്യിക്കുന്നതു് ഏറെക്കാലം അനുവദിക്കാൻ ഇന്ത്യയേപ്പോലുള്ള മതനിരപേക്ഷമോ ബഹുമതവിശ്വാസിയോ ആയ ഒരു രാഷ്ട്രത്തിനു സാധ്യമാവുകയില്ല.

സമാധാനവും നിയമവാഴ്ചയും ഇഷ്ടപ്പെടുന്ന ബഹുജനങ്ങൾ ഇക്കാര്യത്തെപ്പററി ചിന്തിക്കുന്നതു നന്നു്. ജാതിയുടെയും മതത്തിന്റെ

യും പേരുപറഞ്ഞു സഹോദരൻെറ പുറത്തു സഹോദരൻ കഠാരി കുത്തിയിറക്കുകയെന്നതു് ഇന്ത്യയിൽ ഇന്നു് അപൂർവമായ ഒരു സംഭവമല്ല. ഈ ദുഃസ്ഥിതി സാർവത്രികമായിത്തീരാതിരിക്കട്ടെ!

17 മെയ്, 1985

# 38. ഇന്ത്യക്കാർ മറുനാടുകളിൽ

തുടക്കത്തിൽത്തന്നെ വായന നിർത്തിവെച്ചു് ഒന്നാലോചിക്കുക: നിങ്ങളുടെ ഏതെങ്കിലും കുടുംബാംഗമോ സുഹൃത്തോ പരിചിതനോ ഇന്ത്യവിട്ടു് മറുനാട്ടിൽ പാർക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, അയാളുടെ വിദേശവാസംമൂലം അയാൾക്കോ അയാളുടെ കുടുംബാംഗങ്ങൾക്കോ രാജ്യത്തിനോ എന്തു വിശേഷമുണ്ടായി?

ഇന്ത്യക്കാർ പൊതുവെ വിദേശവാസത്തിൽ വിമുഖരായിരുന്നു. അശോകചക്രവർത്തിയുടെ കാലത്തു് ശ്രീലങ്കയിലേക്കും ചോളചക്രവർത്തിമാരുടെകാലത്തു് ദക്ഷിണപൂർവേഷ്യയിലേക്കും ഇന്ത്യയിൽനിന്നു് വലിയതോതിൽ കുടിയേററമുണ്ടായെങ്കിലും, യൂറോപ്യന്മാർ ഏഷ്യയിലേക്കു് എത്തിനോക്കാൻ തുടങ്ങിയ കാലമായപ്പോഴേക്കും ഇന്ത്യക്കാർക്കു് സമുദ്രം, കടന്നുകൂടാത്ത 'കാലാപാനി' ആയിക്കഴിഞ്ഞിരുന്നു. താരതമ്യേന ഒഴിഞ്ഞുകിടന്നിരുന്ന വടക്കേഅമേരിക്കയിലേക്കും ആസ്ത്രേലിയയിലേക്കും യൂറോപ്പിൽനിന്നു് ബഹുജനാടിസ്ഥാനത്തിൽ കുടിയേററം ഉണ്ടായപ്പോൾ ആ മഹാപ്രസ്ഥാനത്തിൻെറ പിന്നണിയിലെങ്കിലും സ്ഥാനംപിടിക്കുവാൻ നമ്മുടെ കാരണവന്മാർക്കു കഴിയാതെപോയി.

ഇന്ത്യ തികച്ചുമൊരു ബ്രിട്ടീഷ്കോളനി ആയിക്കഴിഞ്ഞശേഷം, പതിനെട്ടാം നൂററാണ്ടിലാണു് പിന്നീടു് ഇന്ത്യയിൽനിന്നു്, ചെറിയതോതിലെങ്കിലും, വെളിയിലേക്കു കുടിയേററം ആരംഭിച്ചതു്. ബ്രിട്ടീഷിന്ത്യയുടെ ഭാഗമായി കണക്കാക്കപ്പെട്ടിരുന്ന ശ്രീലങ്ക, മലയ, ബർമ്മ എന്നീ രാജ്യങ്ങളിലേക്കു പോകുവാൻ അന്നു് പാസ്പോർട്ടോ വിസയോ ഒന്നും ഇന്ത്യക്കാർക്കു് ആവശ്യമുണ്ടായിരുന്നില്ല. ഈ രാജ്യങ്ങളിൽ തൊഴിൽസാദ്ധ്യതയും ധാരാളമുണ്ടായിരുന്നു. എങ്കിലും അങ്ങോട്ടുപോയവർ വളരെ കുറവായിരുന്നു. 1833–34 വർഷങ്ങളിൽ ബ്രിട്ടീഷ്കോളനികളിൽ അടിമത്തം നിയമംമൂലം നിരോധിക്കപ്പെട്ടപ്പോൾ, അവിടങ്ങളിലെ തോട്ടങ്ങളിൽ പണിയെടുക്കുന്നതിനു തൊഴിലാളികളെ ഇന്ത്യയിൽനിന്നു കൊണ്ടുപോയിത്തുടങ്ങി. മൂന്നുമുതൽ അഞ്ചുവരെ വർഷം നിശ്ചിതശമ്പളത്തിനു ജോലിചെയ്തുകൊള്ളാമെന്ന എഗ്രിമെൻറിൽ(ഇന്ത്യക്കാർ ഈ വ്യവസ്ഥയെ 'ഗിർമിററ്' എന്നു വിളിച്ചുവന്നു)കൊണ്ടുപോയ, അടിമകളല്ലെങ്കിലും അടിമകൾക്കു തുല്യരായിരുന്ന, ഈ ഇന്ത്യൻതൊഴിലാളികളുടെ സന്തതിപരമ്പരകളെ ഫിജി, വെസ്റ്റ് ഇൻഡീസ്, മൌറീഷ്യസ് തുടങ്ങിയ ദ്വീപുകളിലും, കിഴക്കെ ആഫ്രിക്കയിലെ ഉഗാണ്ട, ടാംഗനിക്ക മുതലായ പ്രദേശങ്ങളിലും ധാരാളമായി ഇന്നും കാണാം. ഫിജിയിലെ ജനസംഖ്യയിൽ അമ്പതുശതമാനവും, ഗയാനയിലെ ജനസംഖ്യയിൽ അമ്പത്തൊന്നുശതമാനവും, മോറീഷ്യസ്സിലെ ജനസംഖ്യയിൽ അറുപത്തൊമ്പതു ശതമാനവും, സുരീനാമിലെ ജനസംഖ്യയിൽ മുപ്പത്തേഴു ശതമാനവും, ട്രിനിഡാഡിലെ ജനസംഖ്യയിൽ മുപ്പത്തൊമ്പതു ശതമാനവും ഇവരത്രേ. ദക്ഷിണാഫ്രിക്കയിലെ 'ഗിർമിററ്' തൊഴിലാളികൾക്കു് മനുഷ്യാവകാശങ്ങൾ നേടിക്കൊടുക്കുന്നതിനുവേണ്ടി